# Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org


## സർക്കുലർ: 1/2024

**മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായി മാർ റാഫേൽ തട്ടിൽ പിതാവ് നേതൃത്വശുശ്രൂഷ ഏറ്റെടുത്തിരിക്കുകയാണല്ലോ. സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഏഴാമത്തെ അദ്ധ്യക്ഷനുമാണ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ രാജി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ച സാഹചര്യത്തിലാണ് സീറോമലബാർസഭയുടെ സിനഡ് പിതാക്കന്മാർ ഷംഷാബാദ് രൂപതയുടെ മെത്രാനായിരുന്ന മാർ റാഫേൽ തട്ടിൽ പിതാവിനെ തെരഞ്ഞെടുത്തത്. 2024 ജനുവരി 8-ന് ആരംഭിച്ച 32-ാമത് സീറോമലബാർ മെത്രാൻസിനഡിന്റെ ഒന്നാം സമ്മേളനത്തിന്റെ രണ്ടാം ദിവസമാണ് മാർ റാഫേൽ തട്ടിൽ പിതാവ് തെരഞ്ഞെടുക്കപ്പെട്ടത്. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിന് അംഗീകാരം നൽകിക്കൊണ്ടുള്ള മാർപാപ്പയുടെ കത്ത് 2024 ജനുവരി 10-ന് ലഭിച്ചു. തുടർന്ന്, നിയുക്ത മേജർ ആർച്ചുബിഷപ് സിനഡിനു മുൻപിൽ വിശ്വാസപ്രഖ്യാപനം നടത്തുകയും ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുമെന്നുള്ള പ്രതിജ്ഞയെടുക്കുകയും ചെയ്തു. പിന്നീട്, റോമിലും മൗണ്ട് സെന്റ് തോമസിലും ഒരേ സമയം (ഇന്ത്യൻ സമയം വൈകിട്ട് 4.30-ന്) പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പ് വിവരം പ്രഖ്യാപിച്ചു. അതിരൂപതയ്ക്കുവേണ്ടി ഞാനും കൂരിയാ അംഗങ്ങളും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് പൂച്ചെണ്ട് നൽകി സന്തോഷം അറിയിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

2024 ജനുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം നടന്നു. അതിരൂപതാ ആലോചനാസമിതി ഉൾപ്പെടെ വൈദിക-സന്ന്യസ്ത-അൽമായ പ്രതിനിധികളുടെ പതിനഞ്ചംഗ സംഘം സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. വർഗീസ് പൊട്ടയ്ക്കൽ പുതിയ മേജർ ആർച്ചുബിഷപ്പും അതിരൂപതാദ്ധ്യക്ഷനുമായ മാർ റാഫേൽ തട്ടിൽ പിതാവിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തന്റെ മനസ്സിനിണങ്ങിയ ഇടയന്മാരെ സഭയ്ക്കു നൽകുന്ന ദൈവപരിപാലനയ്ക്ക് അതിരൂപതയൊന്നാകെ സന്തോഷപൂർവ്വം നന്ദി പറയാം. 2024 ജനുവരി 14-ാം തീയതി ഞായറാഴ്ച പുതിയ മേജർ ആർച്ചുബിഷപ്പും അതിരൂപതാദ്ധ്യക്ഷനുമായ മാർ റാഫേൽ തട്ടിൽ പിതാവിനുവേണ്ടി നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന അർപ്പിക്കുകയും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി സൂചകമായി കൃതജ്ഞതാസ്തോത്രം ആലപിക്കുകയും വേണം.

കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എന്ന നിലയിലും അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന നിലയിലും കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ചെയ്ത സ്തുത്യർഹമായ സേവനങ്ങൾ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. ദൈവം പിതാവിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

+ Bosco P.uth

**ബിഷപ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, എറണാകുളം-അങ്കമാലി അതിരൂപത
13/01/2024

MAJOR ARCHEPARCHIAL CURIA
ERNAKULAM-ANGAMALY

.................................................

N.B.: ഈ സർക്കുലർ 14/01/2024 ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.